1741/3
7/8/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വടകര നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.സി.കെ.നാണു എം.എൽ.എ. യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 2664/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 01.08.2017.

പരാമർശം :- (1) 11.06.2012-ലെ ജി.ഒ.(പി.) നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.
(2) ശ്രീ.സി.കെ നാണു എം.എൽ.എ.യുടെ 18.11.2016 ലെ കത്ത്.
(3) 26/02/2017 ലെ ജി.ഒ.(പി.) നമ്പർ 28/2017/ഫിൻ
(4) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.06.2017 ലെ ഡിബി4-8708/17/സിഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

വടകര അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.സി.കെ.നാണു എം.എൽ.എ., "നടോൽപീടിക-വണ്ണാത്തി ഗേറ്റ് റോഡ് നവീകരണം, വടകര മുനിസിപ്പാലിറ്റി" എന്ന പ്രവൃത്തിക്ക് അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 4 പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വടകര നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.സി.കെ.നാണു എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും "Project ID:1282, നടോൽപീടിക - വണ്ണാത്തി ഗേറ്റ് റോഡ് നവീകരണം - വടകര മുനിസിപ്പാലിറ്റി" എന്ന പ്രവൃത്തി ULCCS മുഖേന നടപ്പിലാക്കുന്നതിനായി അടങ്കൽ തുകയായ 25 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പരാമർശം 1 ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും, പരാമർശം 3 ലെ സർക്കാർ ഉത്തരവ് പ്രകാരം ULCCS ന് ഒരു സാമ്പത്തിക വർഷത്തിൽ അനുവദനീയമായ പ്രവൃത്തികളുടെ ആകെ തുകയുടെ പരിധി അധികരിക്കരുതെന്ന വ്യവസ്ഥയിലും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. ആയതു സംബന്ധിച്ച ചെലവ് ' 4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ . എ . സി - എ . ഡി . എസ് ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ് .

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ.,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ . സി . കെ . നാണു എം . എൽ . എ, വടകര അസംബ്ലി നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, വടകര മുനിസിപ്പാലിറ്റി.
ധനകാര്യ വകുപ്പ് (441/ എൻ . സി . സി .2/2016/ ധന. തീയതി 25.07.2017 )
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.